# ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്നു കാര്യങ്ങളെ കാണുവാൻ പഠിക്കുക

സാക് പുന്നൻ

WFTW 18 ഒക്ടോബർ 2015

അപ്പൊസ്തലനായ പൗലൊസിന്റെ പ്രാർത്ഥനകളിലൂടെ പഠനം നടത്തുക എന്നത്, നിങ്ങൾക്കു സ്വയമായി ചെയ്യുവാൻ കഴിയുന്ന രസകരമായ ഒരു ബൈബിൾ പഠനമാണ്. റോമർ മുതൽ 2 തിമൊഥെയോസ് വരെയുള്ള ഭാഗങ്ങളിൽ പൗലൊസിന്റെ പ്രാർത്ഥനകൾ ഉണ്ട്. അദ്ദേഹത്തിന്റെ പ്രാർത്ഥനകളെല്ലാം എപ്പോഴും ആത്മീയ കാര്യങ്ങൾക്കു വേണ്ടിയാണ് എന്നും നിങ്ങൾക്കു കാണുവാൻ കഴിയും.

ഈ ആളുകളെല്ലാം ധനികരാകണമെന്നോ, അല്ലെങ്കിൽ അവരുടെ ജോലികളിൽ അവർക്കു പുരോഗതി ഉണ്ടാകണമെന്നോ ഒരിക്കലും അദ്ദേഹം പ്രാർത്ഥിച്ചില്ല. അദ്ദേഹം എല്ലായ്പ്പോഴും പ്രാർത്ഥിച്ചത് ആഴമുള്ള നിത്യമായ ആത്മീയ കാര്യങ്ങൾക്കു വേണ്ടിയാണ്. കാരണം ഈ ഭൂമിയിലുള്ള എല്ലാ കാര്യങ്ങളും ഒരു ചെറിയ കാലയളവിലേക്കുള്ളതാണ് എന്ന ചിന്തയിൽ അദ്ദേഹത്തിന്റെ ഹൃദയം അത്രമാത്രം പിടിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന്, നിങ്ങൾ ഡൽഹിയിലേക്കു യാത്ര ചെയ്ത് അവിടെ അടുത്ത 50 വർഷത്തേക്കു സ്ഥിരതാമസമാക്കുവാൻ പോകുകയാണെന്നിരിക്കട്ടെ: നിങ്ങൾക്കു വേണ്ടി അപ്പോൾ പ്രാർത്ഥിക്കുന്ന ഒരാൾ തന്റെ സമയം മുഴുവൻ നിങ്ങളുടെ ട്രെയിൻ യാത്രയ്ക്കു വേണ്ടിയോ, ട്രെയിനിൽ നിങ്ങൾക്കു ഒരു സുഖരമായ സമയം ഉണ്ടാകുന്നതിനു വേണ്ടിയോ, നിങ്ങൾക്ക് അതിൽ നല്ല ആഹാരവും ധരിക്കാൻ നല്ല വസ്ത്രവും ലഭിക്കുന്നതിനു വേണ്ടിയോ, സമാധാനമായി ഉറങ്ങുന്നതിനു വേണ്ടിയോ പ്രാർത്ഥിക്കുവാനായിട്ടായിരിക്കുകയില്ല ചെലവഴിക്കുന്നത്. അദ്ദേഹം കുടുതൽ പ്രാർത്ഥിക്കുന്നത്, നിങ്ങൾ സന്തോഷത്തോടെ ദീർഘനാൾ ഡൽഹിയിൽ ജീവിക്കുന്നതിനു വേണ്ടി ആയിരിക്കും!

അതുകൊണ്ട് നമ്മുടെ ഈ ഭൂമിയിലെ ജീവിതം നിത്യതയിലേക്കുള്ള ഒരു ചെറിയ യാത്ര മാത്രമാണെന്നു മനസ്സിലാക്കുക. പൗലൊസ് പ്രാർത്ഥിച്ചുകൊണ്ടിരുന്നത് അവർ നിത്യതയിലെത്തുമ്പോൾ അവർക്ക് ഒരു ഖേദവും ഉണ്ടാകാത്ത വിധത്തിൽ അവർ ഈ ഭൂമിയിൽ ജീവിക്കണമെന്നായിരുന്നു.

കൊലൊ. 1:9ൽ, അപ്പൊസ്തലനായ പൗലൊസ് പ്രാർത്ഥിക്കുന്നത് അവർ ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവിടുത്തെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞുവരുവാന് വേണ്ടിയാണ്. ഈ വാക്യങ്ങളുടെ ഒരു പരിഭാഷയിൽ പറയുന്നത്: ''ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്നു കാര്യങ്ങളെ കാണണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു'' എന്നാണ്. അവിടുത്തെ ഇഷ്ടത്തിന്റെ പരിജ്ഞാനത്തെക്കുറിച്ച് ആത്മീയമായ സകല ജ്ഞാനത്തിലും വിവേകത്തിലും നിറയണമെന്നത് അർത്ഥമാക്കുന്നത് നിങ്ങൾ എല്ലാ കാര്യങ്ങളെയും കാണുന്നത് ദൈവത്തിന്റെ കാഴ്ചപ്പാടിൽ നന്നാകണമെന്നാണ്. നിങ്ങളുടെ ശരീരത്തെപ്പറ്റി ചിന്തിക്കുമ്പോൾ, ഈ ലോകത്തിലെ തത്ത്വചിന്തകർ പറയുന്ന എല്ലാ കാര്യങ്ങൾക്കും നിങ്ങൾ ചെവി കൊടുക്കരുത്. ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് അതിനെ നോക്കുക. യേശു വന്നത് ഒരു മനുഷ്യ ശരീരത്തിൽ നിന്നാണ്. അതുകൊണ്ട് അതിനെ നിന്ദിക്കരുത്. ജീവിതത്തിലെ ഓരോ കാര്യത്തെയും ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്നു നോക്കുക: ''കർത്താവേ, എന്റെ ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യവും അങ്ങയുടെ കാഴ്ചപ്പാടിൽ നിന്നു കാണുവാൻ എന്നെ സഹായിക്കണം'' എന്നത് നമുക്കുവേണ്ടി തന്നെ പ്രാർത്ഥിക്കുവാൻ ഉള്ള നല്ല ഒരു പ്രാർത്ഥനയാണ്. എന്റെ ജീവിതത്തിലേക്കു കടന്നു വന്ന ആ

പ്രത്യേക സാഹചര്യത്തെ, ആ പ്രത്യേക രോഗത്തെ, ജഡത്തിലുള്ള ആ മുള്ളിനെ, എന്നോടു മോശമായി ഇടപെട്ട ആ വ്യക്തിയെ ഒക്കെ ഞാൻ എങ്ങനെയാണ് കാണുന്നത്? അതിനെ ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്നു കാണുക. ആ കാര്യങ്ങൾ സംഭവിച്ചപ്പോൾ അതു ദൈവത്തെ ആശ്ചര്യപ്പെടുത്തിയോ? അതു ദൈവത്തെ അശ്ചര്യപ്പെടുത്തിയില്ല. അത് എന്നെ ആശ്ചര്യപ്പെടുത്തി. കാരണം ഞാൻ സ്ഥലകാലങ്ങളാൽ പരിമിതപ്പെടത്തപ്പെട്ട ഒരു മനുഷ്യജീവിയാണ്. എന്നാൽ ദൈവം ആശ്ചര്യപ്പെട്ടില്ല. അതുകൊണ്ട് ഞാൻ ദൈവത്തിന്റെ കാഴ്ചപ്പാടിലേക്കു പുറകോട്ടു മാറുമ്പോഴോ, മുകളിലേക്കു നീങ്ങുമ്പോഴോ എന്റെ ഹൃദയം സ്വസ്ഥതയിലേക്കു വരുന്നതും ഭൂമിയിലെ അനേക കാര്യങ്ങൾ വളരെ വ്യത്യസ്തമായി കാണപ്പെടുന്നതും ഞാൻ കാണുന്നു. പ്രാർത്ഥിക്കുവാൻ കൊള്ളാവുന്ന വളരെ നല്ലൊരു പ്രാർത്ഥനയാണത്.

ആളുകൾ ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്നു കാര്യങ്ങളെ കാണുവാൻ പഠിച്ചിരിക്കുന്ന ഒരു സഭയെ നിങ്ങൾക്കു പണിയുവാൻ കഴിഞ്ഞാൽ, നിങ്ങൾക്ക് ഒരു ആത്മീയ സഭയെ കിട്ടിയിരിക്കുന്നു. നിങ്ങൾ കേവലം ധാരാളം സുവിശേഷീകരണത്തിലും സാമൂഹിക പ്രവർത്തനങ്ങളിലും നിങ്ങളെത്തന്നെ വ്യാപൃതനാക്കുന്നതുകൊണ്ട് നിങ്ങൾക്ക് ഒരു ആത്മീയ സഭ ഉണ്ടാകുകയില്ല. നിങ്ങൾ ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്നു കാര്യങ്ങളെ കാണുവാൻ പഠിക്കേണ്ടതുണ്ട്. കാരണം അപ്പോൾ മാത്രമേ (കൊലൊ. 1:10) നമുക്കു കർത്താവിനു യോഗ്യമാം വിധം നടക്കാൻ കഴിയൂ. ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്നു കാര്യങ്ങളെ കാണുന്നതിനുവേണ്ടി ഒന്നാമതായി നിങ്ങളുടെ മനസ്സിനെ നിങ്ങൾ നേടിയെടുക്കുന്നില്ലെങ്കിൽ, നിങ്ങൾ നടക്കണമെന്നു ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ നിങ്ങൾക്കൊരിക്കലും നടക്കാൻ കഴിയുകയില്ല.